## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6171 9.7.2013 ലെ മറുപടിക്ക്

### സൈബർ സെല്ലുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയോട് ചേർന്ന് ഒരു സൈബർ പോലീസ് സ്റ്റേഷനും എല്ലാ പോലീസ് ജില്ലകളിലും ഓരോ സൈബർ സെല്ലും പ്രവർത്തിച്ചു വരുന്നു. കൂടാതെ പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും പ്രവർത്തിച്ചു വരുന്നു. |
| ബി) സൈബർ സെല്ലുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സൈബർ പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും മറ്റ് സൈബർ കുറ്റകൃത്യങ്ങളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു. ഹൈടെക് കുറ്റകൃത്യങ്ങൾ ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവ വഴിയുള്ള കുറ്റകൃത്യങ്ങൾ, ക്രെഡിറ്റ് കാർഡ്, ഇ-ബാങ്കിംഗ് തട്ടിപ്പുകൾ എന്നിവ സംബന്ധിച്ച കേസുകളിൽ അന്വേഷണം നടത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സാങ്കേതിക വിദ്യയിലുള്ള അറിവും ലഭ്യമാക്കുകയാണ് സൈബർ വിഭാഗത്തിന്റെ മുഖ്യ ലക്ഷ്യം. |
| സി) സംസ്ഥാന ജില്ലാ തലത്തിൽ ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;<br>ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്? | (സിയും, ഡിയും) സംസ്ഥാനത്ത് റേഞ്ച് തലത്തിൽ 4 പുതിയ സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനും നിലവിലുള്ള സൈബർ പോലീസ് സ്റ്റേഷന് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ